## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1517

13/06/2014-ൽ മറുപടിയ്ക്ക്

## പച്ചക്കറി വില നിയന്ത്രണത്തിന് സ്വീകരിച്ച നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പച്ചക്കറി വില നിയന്ത്രണത്തിന് ഹോർട്ടികോർപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | പച്ചക്കറിയുടെ വിപണി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിലും ഓണം, വിഷു, റംസാൻ, ക്രിസ്മസ് തുടങ്ങിയ ഉത്സവ സീസണിലും ഗവൺമെന്റ് നിർദ്ദേശാനുസരണം ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തുകയും പഴം പച്ചക്കറി എന്നിവയ്ക്ക് 30% വരെ വിലക്കുറവ് വരുത്തി പൊതുജനങ്ങൾക്ക് വിൽപ്പന നടത്തി വരികയും ചെയ്യുന്നു. |
| ബി) വിപണിയിൽ എത്ര തുകയാണ് 2012-13-ൽ ചിലവഴിച്ചതെന്ന് വ്യക്തമാക്കാമോ? | ബി) | സർക്കാർ നിർദ്ദേശപ്രകാരം 30% സബ്സിഡി നിരക്കിൽ പഴം പച്ചക്കറികൾ പൊതുജനങ്ങൾക്ക് നൽകുന്നതിനായി 11.33 കോടി രൂപ വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ